ഉത്തരം

(എ) അരുവച്ചാംകുഴി-ഇടകടത്തി റോഡ് നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരുന്ന മൺപണിയുടെ 50%-ഉം പാർശ്വഭിത്തി നിർമ്മാണത്തിന്റെ 80%-ഉം പൂർത്തിയായിട്ടുണ്ട്. മെറ്റലിംഗ്, ടാറിംഗ്, ഡി. ആർ. പ്രവൃത്തികൾ, കോൺക്രീറ്റിംഗ്, കലുങ്കുകളുടെ നിർമ്മാണം എന്നീ പ്രവൃത്തികൾ കൂടി ചെയ്യേണ്ടതുണ്ട്.

(ബി) 64.64 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയിരുന്നത്.

(സി) 15-11-2003-ൽ ആയിരുന്നു നിർമ്മാണം പൂർത്തിയാക്കേണ്ടിയിരുന്നത്.

(ഡി) ടി നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കോൺട്രാക്ടറുടെ അനാസ്ഥമൂലമാണ് പ്രവൃത്തിയുടെ പൂർത്തീകരണം വൈകുന്നത്.

(ഇ) ടി നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത കരാറുകാരന്റെ നഷ്ടടോത്തരവാദിത്വത്തിൽ ടി വർക്ക് റീ ടെണ്ടർ ചെയ്യുന്നതുൾപ്പെടെയുള്ള നിയമപരമായ നടപടികൾ സ്വീകരിച്ച് പ്രവൃത്തി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

എം.ജി.പി.-യുടെ ഭാഗമായി രജിസ്ട്രേഷൻ വകുപ്പിൽ നടത്തുന്ന പ്രവർത്തനങ്ങൾ

184 [1123] *ശ്രീ. എ. സി. മൊയ്തീൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.ജി.പി.-യുടെ ഭാഗമായി രജിസ്ട്രേഷൻ വകുപ്പിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി സബ് രജിസ്ട്രാർ ഓഫീസുകളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) എം.ജി.പി.-യുടെ ഭാഗമായി സേവന പ്രദാന പദ്ധതിയിൽ 69 സബ് രജിസ്ട്രാർ ഓഫീസുകൾ തെരഞ്ഞെടുത്തിട്ടുണ്ട്. ഇതിൽ 68 ഓഫീസുകളിൽ സ്ഥാപനതല പദ്ധതി നടത്തിപ്പിന് ഭരണാനുമതി നല്കിക്കഴിഞ്ഞു. പ്രസ്തുത ഓഫീസുകളിൽ 8 എണ്ണം കമ്പ്യൂട്ടർവൽക്കരിച്ചിട്ടുള്ളതും കൂടിക്കട സർട്ടിഫിക്കറ്റ് കമ്പ്യൂട്ടർവഴി നല്കി വരുന്നതുമാണ്. ബാക്കി 60 ഓഫീസുകളിൽ, ഈ വർഷം തന്നെ കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കുന്നതിനായി ഡേറ്റാ എൻട്രി ജോലികളും, സൈറ്റ് പ്രിപ്പറേഷനായുള്ള പ്രാഥമിക പ്രവർത്തനങ്ങളും നടന്നുവരുന്നു. സ്ഥാപനേതര പദ്ധതി നടപ്പിൽ വരുത്തുന്നതിനാവശ്യമായ സാധനങ്ങൾ വാങ്ങാനുള്ള നടപടികളും പൂർത്തീകരിച്ചുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ഭാഗമായി കേരളത്തിലെ സബ് രജിസ്ട്രാർ ഓഫീസുകളിൽ പൊതുജനങ്ങൾക്കും ജീവനക്കാർക്കും ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുക, ഓഫീസ് നിർമ്മാണത്തിന് ആവശ്യമായ സ്ഥലം കണ്ടെത്തുക, നിലവിലുള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികളും, അധികമായുള്ള നിർമ്മാണ പ്രവർത്തനങ്ങളും നടത്തുക, ഓഫീസിന്റെ സുഗമമായ പ്രവർത്തനത്തിന് ഫോട്ടോ കോപ്പിയർ, എയർ കണ്ടീഷനർ മുതലായ സൗകര്യങ്ങൾ ഉൾപ്പെടുത്താനും ഉദ്ദേശിക്കുന്നു. കൂടാതെ പൊതുജനങ്ങൾക്ക് ഓരോ ഓഫീസിൽനിന്നും ലഭ്യമാക്കുന്ന സേവനങ്ങൾ വിവരിക്കുന്ന സിറ്റിസൺ ചാർട്ടർ രൂപീകരണവും നടപടി ക്രമങ്ങളുടെയും ചട്ടങ്ങളുടെയും ലഘൂകരണവും നടത്തി സുതാര്യ സേവനവും ഉറപ്പുവരുത്താൻ ഉദ്ദേശിക്കുന്നു.

പുര പദ്ധതി

185 [1124] *ശ്രീ. പി. എസ്. സുപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ നിയോജക മണ്ഡലത്തിൽപ്പെട്ട പ്രദേശങ്ങളിൽ പുര പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം പ്രദേശങ്ങളാണ് ഈ പദ്ധതിയിൽ ഉൾപ്പെടുന്നത്;

(സി) ഈ പദ്ധതിയുടെ പ്രൊപ്പോസൽ കേന്ദ്ര മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) പദ്ധതിയുടെ അടങ്കൽ തുക എത്ര കോടി രൂപയുടേതാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എന്നത്തേക്ക് ഈ പദ്ധതിയുടെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) ഉണ്ട്. പുനലൂർ ടൗണിന്റെ 4 മുതൽ 12.5 കിലോമീറ്റർ പുറമ്പോക്ക് വരുന്ന താഴെപ്പറയുന്ന വില്ലേജുകളിലാണ് പുര പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്:

1. അഞ്ചൽ
2. അറയ്ക്കൽ
3. ഇടമുളയ്ക്കൽ
4. എരൂർ
5. അരയന്നല്ലൂർ

LIBRARY ARCHIVES Kerala Legislative Assembly